എമ്മാവൂസ്
# വചനദൂത്
Vol.33 / Issue - 49 / 11 June 2017

ശ്ലീഹാക്കാലം രണ്ടാം ഞായർ ലൂക്കാ 7:36-50




ബ്ര. ഡൊമിനിക് പുൽപ്പേൽ

"ക്ഷമിക്കുന്നതിൽ ദൈവം ഒരിക്കലും ക്ഷീണിതനാവുന്നില്ല. ക്ഷമ ചോദിക്കുന്നതിൽ നാമാണ് ക്ഷീണിതനാവുന്നത്" എന്ന് ഫ്രാൻസിസ് പാപ്പ കരുണയുടെ വർഷത്തിൽ നമ്മെ ഉദ്ബോധിപ്പിച്ചു. പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളെ ധ്യാനിക്കുന്ന ഈ ശ്ലീഹാക്കാലത്തിൽ ദൈവീകമായ ക്ഷമയുടെ ഫലം നേരിട്ടനുഭവിച്ച് കൃപയുടെ പാത്രമായ പാപിനിയെയാണ് സുവിശേഷം ധ്യാനവിഷയമായി നൽകുക. ആത്മാവിന്റെ വരദാനങ്ങൾക്കായി തീക്ഷ്ണമായി പ്രാർത്ഥിക്കുന്ന കാലയളവിൽ അനുതാപം നിറഞ്ഞ ഹൃദയത്തിന് ദൈവം നൽകുന്ന അമൂല്യമായ സ്ഥാനത്തെ ലൂക്കാ സുവിശേഷകൻ കാണിച്ചു തരുന്നു. കാരണം യഥാർത്ഥമായ അനുതാപമുള്ള ഹൃദയത്തിൽ പരിശുദ്ധാത്മാവ് നൽകുന്ന ശക്തമായ വേരോട്ടമുണ്ടാകും. ആത്മാർത്ഥമായ പശ്ചാത്തലം നമ്മുടെ ഹൃദയനിലങ്ങളെ ഉഴുതുമറിച്ച് നൂറുമേനി ഫലം നൽകാൻ യോഗ്യമാക്കുന്ന ഇടമായി മാറും. അവിടെ കൃപ സമൃദ്ധമായി പടരും.

പല്ലിന് പകരം പല്ല്, കണ്ണിന് പകരം കണ്ണ് എന്ന ഫരിസേയ നിയമത്തിന് മുമ്പിൽ കരുണാമസൃണമായ ആർദ്രതയുടെ പുതിയ വിപ്ലവം സൃഷ്ടിക്കുകയാണ് യേശു. പാപിയെ വെറുക്കപ്പെട്ടവനും നിന്ദ്യനുമായിക്കണ്ട് അകറ്റിനിർത്താതെ, വിലയേറിയവനും പ്രിയങ്കരനും ബഹുമാന്യനുമായി കണ്ട് ചേർത്ത് പിടിച്ചത് യേശു മാത്രമാണ്. യേശുവിന്റെ കരുണയുടെ ഈ മുഖം ലൂക്കാ സുവിശേഷത്തിൽ സുവ്യക്തമാണ്. 'ബലിയല്ല കരുണ'യാണ് ഞാനാഗ്രഹിക്കുന്നത് എന്ന അവിടുത്തെ വചനത്തിന്റെ പൊരുളിവിടെ ദർശിക്കാൻ കഴിയും. ഫരിസേയന്റെ ചിന്തയിൽ ആ പാപിനി വെറും നാടകം കളിക്കുന്നു. എന്നാൽ, അവളുടെ കണ്ണീരിൽ സത്യമുണ്ട് എന്ന് ഹൃദയത്തിൽ നിന്നുയരുന്ന മാന

സാന്തരത്തിനുള്ള ആഗ്രഹമുണ്ടെന്ന് ഫരിസേയനറിയുന്നില്ല. പക്ഷേ യേശു അതറിഞ്ഞു. കാരണം ഹൃദയത്തെ തൂക്കിനോക്കുന്നവനാണ് അവൻ (സുഭാ 21:2). പാപിനിയുടെ അനുതാപം രക്ഷാകരമാണെന്ന് യേശുവിന് ബോദ്ധ്യമുണ്ടായിരുന്നു. അതിനാൽ അവിടെ വെച്ചു തന്നെ അവളുടെ പ്രവൃത്തിയെ പ്രശംസിക്കുകയും പാപക്ഷമ നൽകി സമാധാനത്തിലേയ്ക്ക് അവളെ ആനയിക്കുകയും ചെയ്തു. യേശു വന്നത് ജീവനുണ്ടാകാനും അത് സമൃദ്ധമായി ഉണ്ടാകാനുമാണ് (യോഹ 10:10) അല്ലാതെ നശിപ്പിക്കാനല്ല.

യേശുവിന്റെ മനുഷ്യാവതാരം പാപക്ഷമ നമുക്ക് അനുഭവവേദ്യമാക്കി. പക്ഷേ ദൈവീക ക്ഷമയുടെ ലക്ഷ്യം മനുഷ്യന്റെ അനുതാപമാണ് (2 പത്രോസ് 3:9). ആകയാൽ ദൈവത്തിന്റെ ക്ഷമ രക്ഷാകരമാണ് (2 പത്രോസ് 3:15). ലോകത്തിൽ ഓരോ മനുഷ്യജീവനും ദൈവീകമായ ക്ഷമയുടെ ഫലം അനുഭവിക്കുന്നു. അവിടുത്തെ ക്ഷമയാണ് നമ്മുടെ നിലനിൽപ്പിനാധാരം. ആകയാൽ ദൈവത്തിന്റെ ക്ഷമ നമ്മിൽ വിഫലമായിത്തീരാതിരിക്കാൻ അനുതാപത്തിന്റെയും മാനസാന്തരത്തിന്റെയും ഫലങ്ങൾ പുറപ്പെടുവിക്കേണ്ടിയിരിക്കുന്നു. പാപജീവിതത്തെക്കുറിച്ച് കണ്ണുനീർ പൊഴിക്കാതെ നാം നടത്തുന്ന പാപസങ്കീർത്തനങ്ങൾ വെറും പ്രഹസനമായിത്തീരുന്നു. നമ്മുടെ പാപം നമ്മെ ദൈവകൃപയുടെ പ്രവർത്തനങ്ങളിൽ നിന്ന്, പരിശുദ്ധാത്മാവിന്റെ അഭിഷിക്തത്തിൽ നിന്നകറ്റുന്നു. പാപാവസ്ഥയെ ആത്മശോധനയിലൂടെ കണ്ടെത്തി അവയെപ്രതി അനുതപിക്കുന്ന ഒരു ഹൃദയമുണ്ടെങ്കിൽ സ്വർഗ്ഗം ഏറ്റവുമധികം സന്തോഷിക്കുക നമ്മെ പ്രതിയായിരിക്കും.

പാപിനിയുടെ പാപങ്ങൾ ക്ഷമിച്ചതിനുശേഷം യേശു അവളോടു പറയുന്നു. നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. സമാധാനത്തോടെ പോവുക. സമാധാന രാജാവായ യേശു നൽകുന്ന സമാധാനമാണ് യഥാർത്ഥ രക്ഷാകരമായ സമാധാനം. ലോകം വച്ചു നീട്ടുന്ന സമാധാനവും സന്തോഷവുമൊക്കെ അൽപ്പായുസ്സ് മാത്രമാണെന്ന് തിരിച്ചറിഞ്ഞപ്പോൾ ശേഷം അവൾ യേശുവിലേയ്ക്ക് തിരിഞ്ഞു. യേശു ശിഷ്യരോട് പറയുന്നു. "നിങ്ങൾക്ക് സമാധാനം" "ഞാൻ നിങ്ങൾക്ക് സമാധാനം തന്നിട്ട് പോകുന്നു." ഈ വാക്യങ്ങളിലൂടെ 'സമാധാന ദാതാവ്' ദൈവമാണ് മനുഷ്യനല്ല എന്ന വസ്തുത ഈശോ വ്യക്തമാക്കുകയാണ്. അൽപ്പം സമാധാനത്തിനുവേണ്ടി ലഹരിയ്ക്കും പാപകരമായ ചെയ്തികൾക്കും അശുദ്ധമായ കൂട്ടുകെട്ടുകൾക്കും പിന്നാലെ പായുന്നവർ പൈശാചികതയുടെ ബന്ധനത്തിനടിമകളാണ്. യേശുവിന്റെ അനുഗാമികൾ വിളിക്കപ്പെടുന്നത് തിന്മയെ നന്മകൊണ്ട് ജയിക്കാനാണ്. പൈശാചികതയെ ദൈവീകത കൊണ്ട് നേരിടുമ്പോഴാണ് ദൈവരാജ്യം സംജാതമാകുന്നത്. ദൈവീകമായ സമാധാനത്തിലേയ്ക്കുള്ള കുറുക്കുവഴി പ്രാർത്ഥന തന്നെയാണ്. പ്രാർത്ഥനയാകുന്ന താക്കോൽകൊണ്ട് ഹൃദയവാതിലുകൾ തുറന്നിടുമ്പോൾ അവിടുന്ന് നമ്മുടെ ഹൃദയത്തിൽ സമാധാനം നിറയ്ക്കും. ◆

